# ജി എച്ച് എസ് എസ് മോറാഴ
# അക്കാദമിക് മാസ്റ്റർപ്ലാൻ 2025-26

വിദ്യാലയത്തിൻെറ സമഗ്രപുരോഗതി ലക്ഷ്യമാക്കിയുളളതാണ് അക്കാദമിക് മാസ്റ്റർപ്ലാൻ. മുഴുവൻ വിദ്യാർത്ഥികളെയും ഉൾക്കൊളളുന്ന വിധത്തിലാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

2025-26 അക്കാദമിക വർഷം എട്ടാം തരത്തിൽ 85 വിദ്യാർത്ഥികളും ഒൻപതാം തരത്തിൽ 72 വിദ്യാർത്ഥികളും പത്താം തരത്തിൽ 86 വിദ്യാർത്ഥികളും പഠിക്കുന്നു.

<u>ലക്ഷ്യങ്ങൾ</u>

- വിദ്യാർത്ഥികൾക്ക് വിദ്യാലയ അന്തരീക്ഷവും പഠനപ്രവർത്തനവും ആസ്വാദ്യമാവണം.
- കുട്ടികളുടെ പൂർണ്ണപങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- സയൻസ് ലാബ് ,ലൈബ്രറി,കമ്പ്യൂട്ടർലാബ് എന്നിവിടങ്ങളിൽ എല്ലാവിദ്യാർത്ഥികളും ഉൾക്കൊളളുന്ന വിധത്തിൽ പഠനപ്രവർത്തനങ്ങൾ നടത്തുക.
- ഓരോ വിദ്യാർത്ഥിയേയും ഓരോ യൂണിറ്റായി പരിഗണിച്ച് പരമാവധി വികാസം സാധ്യമാക്കുക.
- മുൻവർഷത്തെ പ്രവർത്തനങ്ങൾ – അവലോകനം.
- മാതൃഭാഷയുമായി ബന്ധപ്പെട്ട് വിവിധ ശേഷികളുടെ വികസനത്തിനായി ദിനാചരണങ്ങൾ നടത്തുകയും പലതരം പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

<u>പഠന പിന്തുണ പ്രവർത്തനങ്ങൾ</u>

- **NMMS** കോച്ചിംങ് - എട്ടാം തരത്തിലെ വിദ്യാർത്ഥികൾക്കായി NMMS കോച്ചിംങ് ജൂലായ് ആദ്യവാരം മുതൽ ഡിസംബർ വരെ.
- സമഗ്ര ഗുണമേൻമ പ്രവർത്തനങ്ങൾ – അക്കാദമിക വർഷാന്ത്യം വരെ
- ശ്രദ്ധ പദ്ധതി **-** എട്ട് ഒൻപത് ക്ലാസ്സുകളിൽ പഠന പിന്നോക്കാവസ്ഥ നേരിടുന്ന വിദ്യാർത്ഥികൾക്കായി മൊഡ്യൂൾ അനുസരിച്ചുളള ക്ലാസ്സുകൾ ജൂലായ് ആദ്യവാരം മുതൽ ആരംഭിക്കും.
- കണ്ണൂർ ജില്ലാപഞ്ചായത്തിൻെറ നേതൃത്വത്തിൽ നടത്തുന്ന **Smile** പരീക്ഷാ പരിശീലനം അതതുകാലയളവിൽ നടത്തും.

**അക്കാദമിക പ്ലാൻ – മലയാളം**

പ്രവർത്തനത്തിൻെറ പേര് : വായനയാണ് വഴി

**ആമുഖം**

കുട്ടികളുടെയും രക്ഷിതാക്കളുടെയും വായനാശീലവും പൊതുവിജ്ഞാനവും ഭാഷയോടുള്ള മമതയും പരിപോഷിപ്പിക്കുക എന്ന സമഗ്രലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണ് വായനയാണ് വഴി. വിദ്യാഭ്യാസരംഗം,സാമൂഹ്യശാസ്ത്ര ക്ലബ് എന്നിവയുടെ കൂടി പങ്കാളിത്തത്തോടെ പ്രാവർത്തികമാക്കുന്ന തനതു പദ്ധതിയാണിത്.

**ലക്ഷ്യങ്ങൾ** :

കുട്ടികളിൽ വായന, വിശകലനം,ആവിഷ്കാരം തുടങ്ങിയ ശേഷികൾ പരിപോഷിപ്പിക്കുന്നതിന് സ്വന്തം വായനാനുഭവങ്ങൾ സ്വതന്ത്രമായി ആവിഷ്കരിക്കുന്നതിനും മത്സരപരീക്ഷകൾക്കായി പ്രയോജനപ്പെടുത്തുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നതിന് കുട്ടികളുടെ വായന,ആവിഷ്കാരം, ഭാഷാസ്നേഹം,സംസ്കാരം,പൊതു വിജ്ഞാനം തുടങ്ങിയവ പരിപോഷിപ്പിക്കുന്ന വീട്ടുകങ്ങൾ സാക്ഷാത്കരിക്കുന്നതിന്.

**പ്രവർത്തനഘട്ടങ്ങൾ**

- SRG ആശയരൂപീകരണവും പദ്ധതിയാസൂത്രണവും
- PTA/SMC/CPTA സമിതികളിൽ പദ്ധതിയുടെഅവതരണവും പിന്തുണ ഉറപ്പിക്കലും
- മുഴുവൻ ക്ലാസുകളിലും ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ (ജൂൺ 19 – 7 ക്ലാസ്സുകൾ,7 അതിഥികൾ ,7 -ലൈബ്രറി ഉദ്ഘാടനങ്ങൾ)
- 'വായനയാണ് വഴി' ക്ലാസ്സ് തല ക്വിസ് മത്സരം
- 'വായനയാണ് വഴി' ഫാമിലി മെഗാക്വിസ്
- സ്കൂൾതലം -ക്യാഷ് പ്രൈസ്
- വിജ്ഞാനപ്പെട്ടി
- കുട്ടികൾക്കായി ചോദ്യാവലി - ഉത്തരപ്പെട്ടി -സമ്മാനദാനം

# <u>ENGLISH -Academic master plan 2025-26</u>

vision: To foster a vibrant literary environment that nurtures life long love for English language and literature,enhancing students Listening,Speaking,reading and writing(LSRW)skills through engaging and interative activities.

| S.No. | Activity/ Event | Objective | Key Details&Tentative Timeline |
|---|---|---|---|
| 1 | English Literary club sessions | To provide a regular platform for discussions,creative expression,and skill development in a supportive environment. | Monthly (Throughout the year).Regular meetings for debates,book club discussions,workshops on grammar,vocabulary,public speaking,and creative writing techniques. Encourage student-led initiatives and peer feedback. |
| 2 | Reading Challenge:"Literary Expeditions" | To cultivate a diverse reading habit and critical analysis skills through a structured,engaging challenge | Quarterly/Themed(Eg-May-July.Aug-Oct,Nov-Jan,Feb-Mar). Focus on themes (eg."Mistry and Suspence Month", " Poery Power -Up","Global Voices"). Intractive reading logs,book discussions,reading nooks. |
| 3 | Creative writing Contest | To encourage imaginative thinking and expressive writing across various genres. | Bi-annually (e.g.September&February).Themes vary(e.g.flash fiction,short stories,poetry,fan fiction,scriptwriting). judging based on orginallity,language,and adherence to form. winning entries publicly displayed. |
| 4 | Essay writing compitiion | To develop analytical thinking,argumentation,and persuasive writing skills. | Annually (e.g .November).Topics on current affairs ,social issues,literary analysis. focus on research ,structuring arguments,and coherent expression. |
| 5 | Englis poem recitation | To enhance pronunciation ,intonation,expression,and appreciation for poetry. | Annually (e.g August/September). Categorized by age groups. Encourages memorization and expressive delivery. Covers classical and contemporary poems. |
| 6 | Extempore Speaking | To build impromptu speaking skills,confidence,and quick critical thinking. | Querterly(eg. July,October,January).Topics range from general knowledge to abstract concepts. Emphasis on coherence,clarity,and logical flow under time pressure. |

| | | | |
|---|---|---|---|
| 7 | Drama or stage Performance | To develop dialogue delivery,acting,stage presence,and collaborative teamwork. | Annually(eg.December/January). Short plays,skits,or adaptation of famous literary works. Students involved in scriptwriting,direction,and acting. Focus on voice modulation and character portrayal. |
| 8 | Writer's birthday Cerbrations | To honour literary figures,inspire students,and explore their contributions. | Throughout the year(as per significant birthdays). Includes events for William Shakespeare,Rabindranath Tagore,and more. Activities like play readings. |

**അക്കാദമിക് മാസ്റ്റർ പ്ലാൻ -ഹിന്ദി**

1. ഹിന്ദി എട്ടാം തരം കുട്ടികളുടെ അക്ഷര പരിചയം.  ഹിന്ദി ഭാഷയിൽ നേടിയ നൈപുണി മനസ്സിലാക്കണം.

2. Bridge Course(Bacic കാര്യം നൽകൽ)
3. വിശേഷപ്പെട്ട ദിനങ്ങളുമായിബന്ധപ്പെട്ട് ഹിന്ദിയിൽ ക്ലാസ്സ് അടിസ്ഥാനത്തിൽ മത്സരങ്ങൾ നടത്തുക
4. ഹിന്ദി അഭിരുചി വർദ്ധിപ്പിക്കാൻ കഥവായന , കവിത വായന അവസരം (ജൂൺ,ജൂലായ്)
5. ഹിന്ദി ക്ലബ് രൂപീകരണം.
6. ഹിന്ദി ദിനം -ഹിന്ദി പക്ഷാചരണം ആയി ആഘോഷിക്കുന്നു.
7. ഹിന്ദി കഥാകാരനെ പരിചയപ്പെടുത്തൽ ഓരോ മാസം(ഓരോ പ്രവർത്തനം)
8. അവരുടെ കഥ/കവിത അവതരിപ്പിക്കൽ)

## അക്കാദമിക് മാസ്റ്റർ പ്ലാൻ –  ഫിസിക്കൽ സയൻസ് -2025 - 26

| ക്രമ.നം. | ലക്ഷ്യം | വിഷയം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|---|
| 1 | പഠനനിലവാരം ഉയർത്തുന്ന രീതിയിലുള്ള പ്രവർത്തനങ്ങളും വിലയിരുത്തലും | സയൻസ് | കുട്ടികളുടെ നിലവാരം മനസ്സിലാക്കുന്നതിനുള്ള പ്രീ ടെസ്റ്റുകൾ നടത്തുകയും പഠന പ്രവർത്തനത്തോടൊപ്പ ം തന്നെ വിലയിരുത്തലും ഉൾപ്പെടുത്തിക്കൊണ്ട് ആസൂത്രണം ചെയ്യുന്നു | ജൂൺ | സയൻസ് അധ്യാപകർ | 2,000/- |
| 2 | കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | സയൻസ് | 1. ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം, പരീക്ഷണങ്ങൾ പൊതുസമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ.<br>2. പരീക്ഷണ മാഗസിൻ തയ്യാറാക്കൽ .<br>3. സ്കൂൾതല സയൻസ് എക്സിബിഷൻ | വർഷത്തിൽ ഒരു തവണ | സയൻസ് അധ്യാപകർ | 1,000/- |
| 3 | ശാസ്ത്ര ലാബ് നവീകരണം | | ഫിസിക്സ് കെമിസ്ട്രി, ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | ജൂൺ | സയൻസ് അധ്യാപകർ | |
| 4 | ശാസ്ത്രലോകത്തേക്ക് | സയൻസ് | ശാസ്ത്രപുസ്തകങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുകയും വായിക്കാനുള്ള പ്രേരണ | അക്കാദമിക് ഇയർ | സയൻസ് അധ്യാപകർ | 5,000/- |

| | | | | | | |
|---|---|---|---|---|---|---|
| | | | ഉണ്ടാക്കുകയും ചെയ്യുന്നു | | | |
| 5 | ഫീൽഡ് ട്രിപ്പ് | സയൻസ് | ശാസ്ത്രവുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ സന്ദർശിച്ച് അവിടെയുള്ള പ്രവർത്തനങ്ങൾ നേരിട്ട് കണ്ട മനസ്സിലാക്കുന്നു | വർഷത്തിൽ ഒരു തവണ | സയൻസ് അധ്യാപകർ | 2,000/- |
| 6 | ലഘുപരീക്ഷണ മൂലകൾ | സയൻസ് | ഓരോ ക്ലാസിലും പ്രത്യേകം ശ്രദ്ധ തയ്യാറാക്കുന്ന പരീക്ഷണ മൂലകൾ, അപകടരഹിതമായ ഉപകരണങ്ങൾ സജ്ജീകരിക്കാനുള്ള അടച്ചുറപ്പുള്ള സംവിധാനങ്ങൾ | ജൂൺ - ഫെബ്രുവരി | സയൻസ് അധ്യാപകർ | 50,000/- |
| | ശാസ്ത്ര ദിനാചരണങ്ങൾ | സയൻസ് | ശാസ്ത്രദിന കലണ്ടർ നിർമ്മാണം, ശാസ്ത്ര പ്രതിഭാശാലകളുമായുള്ള അഭിമുഖങ്ങൾ, ശാസ്ത്രജ്ഞന്മാരുടെ ജന്മദിനാചരണം | ജൂൺ - ഫെബ്രുവരി | സയൻസ് അധ്യാപകർ | 5,000/- |

## <u>അക്കാദമിക മാസ്റ്റർ പ്ലാൻ -ബയോളജി</u>

| ക്രമ. നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | കൃഷി(നട്ടുനനയ്ക്കാം-8ാം തരം പാഠഭാഗം) | പച്ചക്കറിത്തോട്ട നിർമ്മാണം ഫീൽ ഡ് ട്രിപ്പ് | ആഗസ്റ്റ് to മാർച്ച് | ടീച്ചേഴ്സ്,കുട്ടികൾ | പി ടി എ | കുട്ടികൾക്ക് കൃഷിയോടുള്ള ആഭിമുഖ്യം വളർത്തുക |
| 2 | ജീവൻെറ പരിണാമം | ഡോക്യുമെൻററി നിർമ്മാണം | സെപ്റ്റംബർ | ബയോളജി ടീച്ചർ | പി ടി എ | ശാസ്ത്രാഭിരുചി വളർത്താൻ |
| 3 | ജീവശാസ്ത്രം | ദിനാചരണം | ജൂൺ to ഫിബ്രവരി | ബയോളജി ടീച്ചർ | പി ടി എ | ശാസ്ത്രാഭിരുചി വളർത്താൻ |
| 4 | ജീവശാസ്ത്രം | ലാബ് സജ്ജീകരണം | ജൂൺ to ഡിസംബർ | സയൻസ് ടീച്ചേഴ്സ് | പി ടി എ | ശാസ്ത്രാഭിരുചി വളർത്താൻ |

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്–ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക.<br>• Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക.<br>• '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero)<br>• Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department

<u>സാമൂഹ്യശാസ്ത്രം</u>

| ക്രമ. നം. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠിതാക്കളെ ചരിത്രാവബോധം ഉള്ളവരാക്കുക . ചരിത്രബോധത്തിൽ നിന്നും ഭാവി രൂപപ്പെടുത്തുക | കാട്ടും,മേട്ടും- ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. വയൽ കിളികൾ സാമൂഹ്യ ശാസ്ത്രത്തിൽ അടിസ്ഥാന പരമായ അറിവികൾ ഇല്ലാത്ത പഠിതാക്കളെ കേന്ദ്രികരിച്ച് പ്രത്യേക മൊഡ്യൂളുകൾ തയ്യാറാക്കി പ്രത്യേക പഠന ട്രിപ്പുകൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം മുഴുവനുമായി നടത്തുന്നു. | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 2 | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക. പൗരബോധം മൂല്യബോധം ഇവ വളർത്തുക. | സ്കൂൾ പാർലമെൻറ്, മോക്ക് പാർലമെൻറ്,പൗരബോധം,സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | | സ്കൂൾ കുട്ടികൾ, സുമനസ്സുകൾ |
| 3 | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക. | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്നു. ആകാശക്കാഴ്ചകൾ,കൗതുകം, എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ച വെക്കുന്നു. | വർഷം മുഴുവനും | | പി ടി എ, മാനേജ് മെൻറ് |
| 4 | മതേതരത്വം സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക. സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുക. | ചരിത്രം ഉറങ്ങുന്ന മണ്ണിലൂടെ സർവ്വെ പ്രൊജക്റ്റ്,ചർച്ചകൾ, സംവാദം,ക്ലാസ്സുകൾ അഭിമുഖം എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | അക്കാദമിക വർഷം | | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| 5 | ഭൂപട വായന കുട്ടികളിൽ വളർത്തുക,സ്ഥലം | പട്ടുപാതയിലൂടെ ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ | വർഷം മുഴുവൻ | സാമൂഹ്യ ശാസ്ത്ര | |

| | | | | | |
|---|---|---|---|---|---|
| | നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | സഹായിക്കുന്നു. ഭൂപടവായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. അറ്റ്ലസ് മാപ്പുകൾ,ബ്ലോക്കുകൾ എന്നിവ പരിചയമാക്കുന്നു | | അധ്യാപകർ | |
| 6 | കുട്ടികളിൽ ഉന്നത നിലവാരം കൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | മൈം,സിനിമ റൂം സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ദിനാചരണങ്ങൾ, പ്രശ്നോത്തരി സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക. വീഡിയോ പ്രദർശനം പ്രൊജക്ട് റൂം സിനിമ (ചരിത്ര പ്രദർശനം) | | | |
| 7 | വ്യത്യസ്തയിനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും കാറ്റുകൾ, സമുദ്രങ്ങൾ പർവ്വതങ്ങൾ ഇവയെല്ലാം പരിചയപ്പെടുക എന്ന ലക്ഷ്യം | വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര ലാബുകളുടെ ക്രമീകരണം. കണ്ടും കേട്ടും തൊട്ടറിഞ്ഞും പഠനം ഹരമാക്കി മാറ്റുന്നു. | | | |

## അക്കാദമിക് മാസ്റ്റർ പ്ലാൻ - ICT

- വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠന പ്രവർത്തനങ്ങൾ ICT സഹായത്തോടെ പൂർത്തീകരിക്കാൻ അധ്യാപകരെ പ്രാപ്തരാക്കുക.
- ഓരോ കാല ഘട്ടത്തിലും സാങ്കേതിക വിദ്യകൾ നൂതനമാകുന്നതോടൊപ്പം ദുരുപയോഗവും നടക്കുന്നു. ഇത്തരം ദുരുപയോഗങ്ങളെക്കുറിച്ച് വിദ്യാർത്ഥികളെയും രക്ഷിതാക്കളെയും ഓരോ കാലഘട്ടത്തിലും ബോധവത്ക്കരിക്കുക
- നിത്യ ജീവിതത്തിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ കൂടുതൽ ഉപയോഗിക്കുന്നതിനുള്ള പ്രാപ്തി ഓരോ വിദ്യാർത്ഥിയും നേടുക.
- സ്മാർട് ക്ലാസ്സ് റൂം ഫലപ്രദമായ രീതിയിൽ ഉപയോഗിക്കാൻ അധ്യാപകരെയും കുട്ടികളെയും പ്രാപ്തരാക്കുക

**മേഖല : ചിത്രകല**

| ക്രമ.നം. | ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ലൈബ്രറി, വായനാറൂം എന്നിവിടങ്ങളിൽ ആർട്ട് ഗ്യാലറി സ്ഥാപിക്കൽ | ചിത്രകലാ അധ്യാപകർ, കുട്ടികൾ എന്നിവരുടെ സഹായത്തോടെ ചിത്രകല ക്യാമ്പ് (പെയിന്റിംഗ് )നടത്തി ചിത്രങ്ങൾ ശേഖരിച്ച് ഫ്രെയിം ചെയ്ത് റെഡിയാക്കുന്നു | ഒരു വർഷം | ചിത്രകലാ അധ്യാപകൻ | 15,000/- |
| 2 | ഉച്ചഭക്ഷണ ഹാൾ,ഓപ്പൺ ഓഡിറ്റോറിയം സ്കൂൾ ഭിത്തികൾ എന്നിവയുടെ സൗന്ദര്യവൽക്കരണം | കുട്ടികളുടെ സഹായത്തോടെ ചാർലി ചിത്രങ്ങൾ വരച്ച് (ചുമരിലും തുണികളിലും) ഭംഗിയാക്കുന്നു . | ഒരു വർഷം | ചിത്രകലാ അധ്യാപകൻ | 2,00,000/- |
| 3 | സ്കൂൾ ക്യാമ്പസ് സൗന്ദര്യവൽക്കരണം | ക്യാമ്പസിലെ തണൽമരങ്ങൾ തറകെട്ടി സംരക്ഷിക്കൽ, പൂച്ചെടികൾ വച്ച് ഭംഗിയാക്കൽ | ഒരു വർഷം | ചിത്രകലാ അധ്യാപകൻ | 1 ലക്ഷം |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ആരോഗ്യ കായിക വിദ്യാഭ്യാസം

| ക്രമ. നം. | മേഖല | പ്രവർത്തനങ്ങൾ | കാലയളവ് | നിർമ്മാണ ച്ചമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും ഹൃദയ ശ്വസനക്ഷമത വർദ്ധിപ്പിക്കുന്നതിനും കായിക ശേഷി വർദ്ധിപ്പിക്കുന്നതിനും വേണ്ടി Aerobic dance പരിശീലനം | വാർഷിക പരിപാടി | സ്കൂൾതല സമിതികൾ | 1,500/- |
| 2 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിൽ പുതുതായി ഒരു വോളിബോൾ ടീം ഉണ്ടാക്കുകയും Court നിർമ്മിക്കുകയും | വാർഷിക പരിപാടി | | 20,000/- |
| 3 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിൽ Kho-Kho court നിർമ്മാണം | വാർഷിക പരിപാടി | | 15,000/- |
| 4 | ആരോഗ്യ കായിക വിദ്യാഭ്യാസം | സ്കൂളിൽ വടം വലിയുടെ ടീം ഉണ്ടാക്കാൻ തീരുമാനിച്ചു. | വാർഷിക പരിപാടി | | 10,000/- |

………………………………………………………………………………